# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1617**

**04.12.2015 - ൽ മറുപടിക്ക്**

## നീര വിപണനം

**ചോദ്യം**

ശ്രീ.ആർ.സെൽവരാജ്
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.വി.റ്റി.ബൽറാം

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് നീര വിപണിയിലെത്തിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

എ) ഉണ്ട്.

ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

ബി) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ മുഖേനയും കൃഷി വകുപ്പിനു കീഴിലുള്ള ഏജൻസികൾ മുഖേനയും നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും നീര ഉല്പാദനത്തിൽ പരിശീലനം നൽകുന്നതിനും ഇതിലൂടെ നീര ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് നീര വിപണിയിലെത്തിക്കാനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീരയിൽ നിന്നും ഉപ ഉത്പ്പന്നങ്ങൾ തയ്യാറാക്കുകയും വിപണനം ചെയ്യുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഗ്രാമ പ്രദേശങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കുവാനുമുള്ള സാധ്യതകൾ ലക്ഷ്യമിട്ടാണ് പദ്ധതി വിഭാവനം ചെയ്തത്.

സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സി) തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14 ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും, 2014-15 ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും കുടുംബശ്രീ വില്പന കേന്ദ്രങ്ങളിലൂടെയും മൊബൈൽ വാനിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തി വരുന്നു. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീര കാർഷിക സർവ്വകലാശാലയുടെ ഔട്ട്ലെറ്റുകളിലൂടെയും വിപണനം നടത്തുന്നുണ്ട്.

നീര ഉല്പാദനത്തിനായി നടപ്പുവർഷം ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറു കയും ചെയ്തിട്ടുണ്ട്. നീര ടെക്നീഷ്യൻമാരുടെ പരിശീലന ത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെന്റിംഗ് മെഷീൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ആറളം ഫാമിൽ നീര പ്ലാന്റ് സ്ഥാപിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**